(സി) കേരളത്തിൽ ആകെ 13.98 ദശലക്ഷം ടൺ ബോക്സൈറ്റ് നിക്ഷേപം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) കേരളത്തിൽ കടൽത്തീരത്തുനിന്നും അകലെ ഇടനിലപ്രദേശത്താണ് ബോക്സൈറ്റ് നിക്ഷേപം കണ്ടെത്തിയിട്ടുള്ളത്.

ബോക്സൈറ്റ് ഖനനം

34 [492] *പ്രൊഫ. കെ. വി. തോമസ്:*

ശ്രീ. എ. കെ. മണി:

,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെ നിന്നെല്ലാം ബോക്സൈറ്റ് ഖനനം ചെയ്യുന്നുണ്ട്;

(ബി) കാസർഗോഡ് ജില്ലയിൽനിന്ന് ബോക്സൈറ്റ് ഖനനം ചെയ്യാൻ ഉദ്ദേശമുണ്ടോ;

(സി) ഇതിന് ജനങ്ങളുടെ പിന്തുണ നേടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്നു പറയുമോ;

(ഡി) ഖനനംമൂലം അവശത അനുഭവിക്കേണ്ടിവരുന്നവർക്ക് ഖനനം നടത്തുന്ന കമ്പനികളിൽ നിന്ന് നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽപ്പെട്ട പോരുവഴി, ശൂരനാട് (വടക്ക്) എന്നീ വില്ലേജുകളിലും കണ്ണൂർ ജില്ലയിലെ മാടായി പ്രദേശത്തും ബോക്സൈറ്റ് ഖനനം നടന്നുവരുന്നു.

(ബി) കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഭാഗത്ത് ബോക്സൈറ്റ് ഖനനത്തിനുവേണ്ടിയുള്ള അപേക്ഷകൾ സർക്കാർ പരിഗണനയിലുണ്ട്.

(സി) ഇതു സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ പ്രത്യേകം നടപടികൾ ആവശ്യമുണ്ടെന്നു കരുതുന്നില്ല.

(ഡി) സാധാരണയായി എല്ലാ ഖനന വ്യവസായവുമായി ബന്ധപ്പെട്ടും തദ്ദേശവാസികൾക്ക് ഉപയോഗപ്രദമായ രീതിയിൽ വെൽഫയർ സ്കീം പ്രാവർത്തികമാക്കാറുണ്ട്.

ചീനക്കളിമണ്ണ് ലിഗ്നൈറ്റ് എന്നിവയുടെ ഖനനം

35 [493] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/573/2012—12

LIBRARY ARCHIVES Kerala Legislative Assembly